# ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം, തിരുവനന്തപുരം.

വിഷയം:- ആ.വ.ഡ. ജീവനക്കാര്യം- ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലെ സ്ഥാനക്കയറ്റം ഉത്തരവ് പുറപ്പെടിവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇ.എസ്.2-49196/04/ആ.വ.ഡ. തീയതി: 28/02/2007
2. ഉത്തരവ് നം.ഇ.ജി4-45696/08/ആ.വ.ഡ. തീയതി: 09/02/2021
3 ഉത്തരവ് നം. ES1-9604/2021/ആവഡ. തീയതി 25/02/2021

## ഉത്തരവ് നമ്പർ ഇജി4-45696/2008/ആ.വ.ഡ. തീയതി : 26/02/2021

പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്ക് നം. 707 വരെയുള്ള ജീവനക്കാർക്ക് പരാമർശം (2) പ്രകാരം ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ പരാമർശം (1) പ്രകാരമുള്ള സീനിയോറിട്ടി പട്ടികയിൽ പേര് ജനനതീയതി എന്നിവയിൽ വ്യത്യാസമുള്ളതിനാൽ പരാമർശം (2) പ്രകാരമുള്ള സ്ഥാനക്കയറ്റത്തിൽ നിന്നും ഒഴിവാക്കിയിരുന്ന താഴെ പറയുന്ന ജീവനക്കാർക്ക് പരാമർശം (3) പ്രകാരം സീനിയോറിട്ടി പട്ടികയിൽ ദേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്നും റൂൾ 31 (എ) കെ.എസ്.&എസ്.എസ്.ആർ. പ്രകാരം 30700-65400 രൂപ ശമ്പളസ്കെയിൽ ചുവടെ ചേർക്കുംവിധം ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

## ഹെൽത്ത് സൂപ്പർവൈസർ സ്ഥാനക്കയറ്റം

| ക്രമ നമ്പർ | റാങ്ക് നം. | പേരും ജോലിചെയ്യുന്ന സ്ഥാപനവും | ജനനതീയതി | അനുവദിക്കുന്ന ജില്ല. |
|---|---|---|---|---|
| 1 | 653 | **ശ്രീ. സുന്ദർശനപിള്ള**<br>താലൂക്കാസ്ഥാന ആശുപത്രി,<br>പത്തനാപുരം, കൊല്ലം | 22/05/1966 | കൊല്ലം |
| 2 | 692 | **ശ്രീ.സുഗുണൻ കെ.ആർ**<br>കുടുംബാരോഗ്യകേന്ദ്രം, കട്ടമ്പുഴ,<br>എറണാകുളം | 13/04/1969 | കൊല്ലം |

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ടി വ്യക്തികൾക്ക് അനുയോജ്യമായ നിയമന ഉത്തരവ് നൽകേണ്ടതും ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ടി വ്യക്തികളുടെ ജനനതീയതി, റാങ്ക് നം. എന്നിവ പരിശോധിക്കുകയും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചതിനു ശേഷം വിടുതൽ ചെയ്യേണ്ടതുമാണ്.

ടി ഉത്തരവിൻമേൽ എന്തെങ്കിലും ആക്ഷേപമുള്ളവർ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം ഉചിത മാർഗ്ഗേന ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് പ്രവേശന/വിടുതൽ ചെയ്യുന്നതിനുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
**ഡോ.വി. മീനാക്ഷി**
**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ**
**(പൊതുജനാരോഗ്യം)**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
3. ഔദ്യോഗിക വെബ് സൈറ്റ്
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

//സൂപ്രണ്ട്//